

THURSDAY 13-10-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S Editor : Dr Saritha Vijayan K



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/10/2022.

1. കൃഷി ജീവിത മാർഗമായി എടുത്ത കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനായി ഓരോ കൃഷി ഭവനിലും ഒരു മൂല്യ വർധിത ഉത്പന്നമെന്ന നിലയിൽ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുമെന്ന് കൃഷി, കർഷക ക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. കടമക്കുടി -വരാപ്പുഴ ജൈവ പൊക്കാളി ഐ.സി.എസ് സംഘടിപ്പിച്ച പൊക്കാളി കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഓരോ ഉത്പന്നത്തിനും പാക്കേജിങ് ഉൾപ്പടെ മെച്ചപ്പെടുത്തി പ്രത്യേക വിപണന സൗകര്യം ഒരുക്കണം. കാർഷിക ഉത്പന്ന പ്രചാരണത്തിനായി പൊതുജന സ്വകാര്യ പങ്കാളിത്തത്തോടെ പ്രത്യേക കമ്പനി ഒരുക്കുമെന്നും മന്ത്രി പറഞ്ഞു. കൃഷിയിലേക്ക് ജനങ്ങളെ മടക്കി കൊണ്ടുവരിക എന്ന ലക്ഷ്യത്തിൽ നടപ്പാക്കിയ ഞങ്ങളും കൃഷിയിലേക്ക് പദ്ധതി വഴി 25642 കൃഷിക്കൂട്ടങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു. ലോകബാങ്കിന്റെ 1400 കോടി രൂപ സഹായത്തോടെ കാർഷിക മൂല്യ വർദ്ധിത മിഷൻ രൂപീകരിക്കും. പൊക്കാളി പോലുള്ളവയ്ക്ക് പ്രത്യേക പരിഗണന നൽകി ആചാര അനുഷ്ഠാനങ്ങളുടെ ഭാഗമായ അരി പരമാവധി ഇടങ്ങളിൽ ഉത്പാദിപ്പിക്കപ്പെടണമെന്നും മന്ത്രി പറഞ്ഞു.

2. സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വെറ്ററിനറി ആംബുലൻസ് യൂണിറ്റ് ആരംഭിക്കുമെന്ന് ക്ഷീരവികസന- മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു. ഓരോ ബ്ലോക്കിനു കീഴിലും വരുന്ന പഞ്ചായത്തുകളിലെ ക്ഷീര കർഷകർക്ക് രാത്രിയിലും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാനും വീടുകളിലെത്തി ചികിത്സ നൽകാനും വെറ്ററിനറി ആംബുലൻസ് യൂണിറ്റ് വഴി സാധിക്കും. കൂടാതെ എല്ലാ ജില്ലയിലും ഉടൻ ടെലി വെറ്ററിനറി യൂണിറ്റുകൾ തുടങ്ങും. പശുക്കളുടെ എക്സ്റേ എടുക്കുന്നതിനും അത്യാവശ്യ ശസ്ത്രക്രിയകൾ നടത്തുന്നതിനും ചികിത്സിക്കുന്നതിനും ഉൾപ്പെടെ എല്ലാ ആധുനിക സംവിധാനങ്ങളും ഉള്ളതായിരിക്കും ഈ യുണിറ്റ്. ഒരു യൂണിറ്റിനു ഏകദേശം ഒരു കോടി രൂപ ചെലവ് വരും. ഇത് കർഷകർക്ക് ഏറെ പ്രയോജനപ്രദം ആയിരിക്കും മന്ത്രി പറഞ്ഞു.

3. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് കോമ്പൗണ്ടിനുള്ളിലെ വിവിധ പ്ലോട്ടുകൾ, ഫാമിന് പുറത്തുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന തീറ്റപ്പുല്ല് ഫാമിൽ എത്തിക്കുന്നതിന് 2.5 ടൺ എങ്കിലും ശേഷിയുള്ള വാഹനം വാടകയ്ക്ക്

നൽകാൻ താൽപര്യമുള്ളവരിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 26 (ഒക്ടോബർ 26) പകൽ 11 മണി വരെ. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം സൂപ്രണ്ടിന്റെ പേരിൽ അയയ്ക്കുന്ന ക്വട്ടേഷൻ കവറിനു പുറത്ത് **തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുളള ക്വട്ടേഷൻ 2022-23** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. വെള്ളാനിക്കര കാർഷിക കോളേജിന്റെ ആഭിമുഖ്യത്തിൽ പൊക്കാളി കൃഷി ഉണർവ്വ് 2022 കൊയ്ത്ത് ഉത്സവം നാളെ (ഒക്ടോബർ 14) രാവിലെ 8 മണിക്ക് എടവനക്കാട്ടൊടി പാടത്ത് വച്ച് ഫിലിം ഡയറക്ടർ ജിബു ജേക്കബ് ഉദ്ഘാടനം ചെയ്യും.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ അഞ്ച് രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ഒക്ടോബർ 12) രാവിലെ 11 മണിക്ക് **കന്നുകാലികളിലെ രക്ത പരാഗ രോഗങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി ആൻഡ് ഡെവലപ്മെന്റ് സെന്ററിൽ ക്ഷീര കർഷകർക്കായി **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 17 മുതൽ 22 വരെ (ഒക്ടോബർ 17 മുതൽ 22) ആറുദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **04734 266869, 9495390436** എന്നീ നമ്പറുകളിൽ വിളിച്ചോ, വാട്സ്ആപ്പ് ചെയ്തോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

8. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 14-ന് (ഒക്ടോബർ 14) രാവിലെ 10 മണി മുതൽ 4 മണി വരെ **പോത്ത് വളർത്തലിൽ** പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം 2022 ഒക്ടോബർ 19-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

10. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം **"ശീതകാല പച്ചക്കറി കൃഷി"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ഒക്ടോബർ 17 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ഒക്ടോബർ 16 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഒക്ടോബർ 17 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.